**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1846 — 10.03.2020 ൽ മറുപടിക്ക്

## ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റികൾ

| ചോദ്യം<br>ശ്രീ.വി.കെ.പ്രശാന്ത് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പൊതുജനാരോഗ്യകേന്ദ്രങ്ങൾ, താലൂക്ക്, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രി, കണ്ണാശുപത്രി എന്നിവയുടെ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റികൾ ഒരു വർഷത്തിൽ എത്ര തവണ യോഗം ചേരണമെന്ന് വ്യക്തമാക്കാമോ; | (എ) | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ യോഗം മൂന്നു മാസത്തിലൊരിക്കൽ കൂടേണ്ടതാണ്. |
| (ബി) | വട്ടിയൂർക്കാവ് മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ആശുപത്രിയിലും ജനറൽ ആശുപത്രിയിലും കണ്ണാശുപത്രിയിലും രൂപീകരിച്ചിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റികൾ 2019-20 കാലയളവിൽ എത്ര തവണ യോഗം ചേർന്നിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | 2019-20 കാലയളവിൽ വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഉൾപ്പെട്ട തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ 4 തവണയും, പേരൂർക്കട ജില്ലാ ആശുപത്രിയിൽ 3 തവണയും വട്ടിയൂർക്കാവ്, ചെട്ടിവിളാകം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഓരോ തവണയും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ യോഗം ചേർന്നിട്ടുണ്ട്. കൂടാതെ ടി കാലയളവിൽ തിരുവനന്തപുരം കണ്ണാശുപത്രിയിൽ 2 ആശുപത്രി വികസന സമിതി യോഗങ്ങളും അതിന്റെ 5 സബ് കമ്മിറ്റി യോഗങ്ങളും കൂടിയിട്ടുണ്ട് |
| (സി) | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റികൾ കൂടുതൽ ജനകീയമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ കഴിയുകയെന്ന് അറിയിക്കാമോ? | (സി) | ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ ചെയർപേഴ്സൺ ആയുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളിൽ കൂടുതൽ ജനകീയമാക്കേണ്ടതാണെങ്കിൽ അതാത് കമ്മിറ്റികളിൽ തന്നെ വേണ്ട തീരുമാനങ്ങൾ നിലവിലുള്ള വ്യവസ്ഥകൾക്കകത്തുനിന്നുകൊണ്ട് കൈക്കൊള്ളാൻ കഴിയുന്നതാണ്. |

Hari

സെക്ഷൻ ഓഫീസർ